**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2549** **24-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക സംസ്കാരം വളർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്,<br><br>എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്തു നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ജില്ലാവ്യവസായ കേന്ദ്രങ്ങൾ വഴി നല്കുകയും ചെയ്തു വരുന്നു.<br><br>യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുക എന്നുള്ളതാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രാഥമികമായി ലക്ഷ്യമിടുന്നത്. കൂടാതെ ഈ പദ്ധതി വഴി സാങ്കേതികമായ പരിശീലനം ലഭിച്ചതും അതുപോലെ അവസരങ്ങൾ തിരിച്ചറിയുകയും അവയിൽ പ്രവർത്തിക്കാനുള്ള അറിവും പ്രചോദനവും ഉള്ളവരുമായ സംരംഭകരെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. ED ക്ലബ്ബ് വഴി പരിശീലനം ലഭിക്കുന്ന യുവാക്കൾ അടുത്ത തലമുറയുടെ സംരംഭകർ |

| | | | |
|---|---|---|---|
| | | | ആകുമെന്നും പ്രതീക്ഷിക്കുന്നു. ഇത് സംസ്ഥാനത്തെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് സഹായകമാവുകയും സംസ്ഥാനത്തെ വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്.<br><br>കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ്, പ്രൊഫഷണൽ കോളേജ് എന്നിവിടങ്ങളിലായി 481 ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വവും സാങ്കേതികത്വവും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള വിവിധ പരിപാടികളും ഈ സെന്ററുകളിലൂടെ നടത്തി വരുന്നു. EDC കളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി അവരിലൂടെ സമീപ സ്കൂളുകളിൽ പരിശീലനം സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് അവെയർനെസ് ആന്റ് ലീഡർഷിപ്പ് പ്രോഗ്രാം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | യുവാക്കളുടെ സ്റ്റാർട്ടപ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ് സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | യുവാക്കളുടെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ് സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി "ഉത്പാദന മേഖലയിലുള്ള എം.എസ്.എം.ഇ. കൾക്കുള്ള സ്റ്റാർട്ടപ്പ് സഹായം" (Financial Assistance for Start-ups in Manufacturing Sector) എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് .<br><br>കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>വിവിധ കോളേജുകളിലുള്ള EDC കളിലൂടെ വിദ്യാർത്ഥികൾക്ക് സാങ്കേതികത്വത്തിലും സംരംഭകത്വത്തിലും പ്രോത്സാഹനം നൽകുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികൾ സംരംഭകരായി മാറുന്നു. കൂടാതെ ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ് എന്ന പരിപാടിയുടെ പ്രീ ഇങ്കുബേഷൻ പരിപാടിയും EDC കളിലൂടെ സംഘടിപ്പിച്ച് വരുന്നു.<br><br>വിവിധ ഗവേഷണ വികസന സ്ഥാപനങ്ങളുമായി ശൃംഖല സ്ഥാപിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ ഉരുത്തിരിയുന്ന ഉത്പ്പന്നങ്ങളെ ഡെമോ ഡേകളിലൂടെ പ്രദർശിപ്പിക്കുകയും സാങ്കേതിക കൈമാറ്റത്തിലൂടെ ഉത്പ്പന്നം വിപണിയിലെ ത്താൻ സംരംഭകരെ സഹായിക്കുയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.<br><br>സംരംഭം തുടങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് അതിനാവശ്യമായ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനായി കേരളത്തിലുടനീളം ലീപ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം തുടർന്നു വരുന്നു. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ലിപ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.<br><br>വനിതകളിൽ സാങ്കേതികതയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും വനിതാ സ്റ്റാർട്ടപ്പ് സമ്മിറ്റ് സംഘടിപ്പിച്ചു വരുന്നു.<br><br>നൂതന ആശയം ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയിലൂടെ ഐഡിയ ഗ്രാന്റ് നൽകി വരുന്നു. ഇതിലൂടെ ഉരുത്തിരിയുനന ഉത്പ്പന്നങ്ങൾ സംരംഭമായി മാറും. സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് ആവശ്യമായ മെന്റർഷിപ്പ് നൽകുന്നതിനും കമ്പനി രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ നൽകുന്നതിന് സ്റ്റാർട്ടപ്പ് കോമൺസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>വനിതാ സംരംഭകരാകുന്നവർക്ക് പ്രീ ഇങ്കുബേഷൻ നൽകുന്ന വി സ്റ്റാർട്ട് എന്ന പദ്ധതിയും നിലവിലുണ്ട്. |
| (സി) | തങ്ങളുടെ ഉൽപ്പന്നം /സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന സ്കെയിൽ അപ്പ് സപ്പോർട്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. മിനിമം വയബിൾ പ്രോഡക്റ്റ് വികസിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കു അവരുടെ പദ്ധതികൾ വിപുലീകരിക്കുന്നതിനും, മാർക്കറ്റ് വികസിപ്പിക്കുന്നതിനും മാസ് പ്രൊഡക്ഷനും മറ്റുമായി കെ.എസ്.ഐ.ഡി.സി സ്കെയിൽ-അപ്പ്സപ്പോർട്ട് നൽകി വരുന്നു. സംരംഭം വിപുലീകരിക്കുന്നതിനാവശ്യമായ മൊത്തം തുകയുടെ എൺപതുശതമാനമോ അല്ലെങ്കിൽ പരമാവധി 100 ലക്ഷം രൂപയോ ആണ് ഈ ഇനത്തിൽ വായ്പ യായി നൽകി വരുന്നത്. പലിശ നിരക്ക് 7% ആണ്.<br><br>കൂടാതെ നിലവിലുള്ള സംരംഭങ്ങൾ സ്കെയിൽ അപ് ചെയ്യുന്നതിനായി ആവിഷ്കരിച്ച "നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തികൊണ്ടു വരുന്നതിനുള്ള സഹായം" (Scheme of Assistance for Micro to Small, Small to Medium Scaling up of MSMEs) എന്ന പദ്ധതിപ്രകാരം ഉള്ള ആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | | വാണിജ്യവത്ക്കരണം നടത്തിയിട്ടുള്ള സ്റ്റാർട്ട് അപ് സംരംഭങ്ങൾക്കും പദ്ധതി മാർഗ നിർദേശങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്. |
| (ഡി) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുന്ന നൂതന ആശയങ്ങളുടെ വാണിജ്യപരമായ ഉല്പാദനം , സംരംഭങ്ങൾ തുടങ്ങിയവ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി പ്രായോഗിക പരിജ്ഞാനം പകർന്നു നൽകുന്നതിനായി നിലവിൽ ഇന്റേൺഷിപ്പ്, പ്രോജക്ട് വർക്ക് എന്നിവ ചെയ്യുന്നതിനുള്ള അവസരങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുന്ന നൂതന ആശയങ്ങളുടെ വാണിജ്യപരമായ ഉല്പാദനം, സംരംഭങ്ങൾ തുടങ്ങിയവ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. എന്നാൽ, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ വിദ്യാർത്ഥികളുടെ ആശയങ്ങൾ ഉല്പന്നങ്ങളും സംരംഭങ്ങളുമായി വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ തുറക്കുന്നതാണ്. |
| (ഇ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വ്യവസായ പാർക്കുകളിൽ വിദ്യാർഥികൾക്ക് പഠനത്തിനൊപ്പം തൊഴിലിനും അവസരമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എം. ജി. സർവകലാശാലയിൽ നിന്ന് ഇത്തരത്തിൽ നിർദേശം വ്യവസായ വകുപ്പിന് വന്നിട്ടുണ്ടോ? | (ഇ) | വ്യവസായ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപ നങ്ങളുടെ അധീനതയിലുള്ള ലഭ്യമായ ഭൂമി വ്യവസായ പാർക്കിന് ഉപയുക്തമാക്കി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ക്യാമ്പസ് വ്യവസായ പാർക്കു പദ്ധതി നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ശേഷം മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥാപനത്തിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന ഓൺലൈനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. മാനദണ്ഡങ്ങൾക്ക് അനുസൃതമായി ക്യാമ്പസ് |

| | | | |
|---|---|---|---|
| | | | വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിക്കുന്ന ക്യാമ്പസുകളിൽ വിദ്യാർത്ഥികൾക്ക് പഠനത്തിനൊപ്പം തൊഴിലിനും അവസരം ഒരുങ്ങുന്നതാണ്.<br><br>ക്യാമ്പസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ എം.ജി സർവകലാശാലയിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ